**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2127** **09-12-2022 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി പ്രകാരം സ്ഥാപിച്ച ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ സേഫ് കേരള പദ്ധതി പ്രകാരം റോഡുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിക്കാൻ കരാർ കൊടുത്തിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമാക്കുമോ; | (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 675 ആർട്ടിഫിഷ്യൽ ക്യാമറകൾ ഉൾപ്പെടെ ആകെ 726 ക്യാമറകളും, ആയത് നിരീക്ഷിച്ച് നടപടികൾ സ്വീകരിക്കുവാൻ ഒരു സ്റ്റേറ്റ് കൺട്രോൾ റൂമും, 12 ജില്ലാ കൺട്രോൾ റൂമുകളും സജ്ജീകരിക്കുന്നതിനുള്ള കരാർ കെൽട്രോണുമായി മോട്ടോർ വാഹന വകുപ്പ് ഏർപ്പെട്ടിട്ടുണ്ട്. ഇതിനായി 168,90,26,124/- രൂപയും ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിനായി (എഫ്.എം.എസ്) 66,92,02,688/- രൂപയും ചേർത്ത് ആകെ 235,82,28,812/- രൂപയാണ് ചെലവ് വരുന്നത്. എന്നാൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മോട്ടോർ വാഹന വകുപ്പും കെൽട്രോണുമായി 16.11.2022 തീയതിയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൺസൾട്ടിംഗ് ചാർജ്ജുകളുടെ 5% കുറയ്ക്കാൻ കെൽട്രോൺ സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി നൽകുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 675 ആർട്ടിഫിഷ്യൽ ക്യാമറകൾ ഉൾപ്പെടെ ആകെ 726 ക്യാമറകളും, ആയത് നിരീക്ഷിച്ച് നടപടികൾ സ്വീകരിക്കുവാൻ ഒരു സ്റ്റേറ്റ് കൺട്രോൾ റൂമും, 12 ജില്ലാ കൺട്രോൾ റൂമുകളും സജ്ജീകരിക്കുന്നതിനുള്ള കരാർ കെൽട്രോണുമായി മോട്ടോർ വാഹന വകുപ്പ് ഏർപ്പെട്ടിട്ടുണ്ട്. ഇതിനായി 168,90,26,124/- രൂപയും ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിനായി (എഫ്.എം.എസ്) 66,92,02,688/- രൂപയും ചേർത്ത് ആകെ 235,82,28,812/- രൂപയാണ് ചെലവ് വരുന്നത്. എന്നാൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മോട്ടോർ വാഹന വകുപ്പും |

| | | | |
|---|---|---|---|
| | | | കെൽട്രോണുമായി 16.11.2022 തീയതിയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൺസൾട്ടിംഗ് ചാർജ്ജുകളുടെ 5% കുറയ്ക്കാൻ കെൽട്രോൺ സമ്മതിച്ചിട്ടുണ്ട്.പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി നൽകുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | ഇപ്രകാരം സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി നൽകുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. അനുമതി ലഭ്യമായാലുടനെ ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.. |

സെക്ഷൻ ഓഫീസർ